


രാജ്യത്തിന്റെ സമുദ്രമത്സ്യ ഗവേഷണ രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്ന ഐ.സി.എ.ആർ.-കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) 75-ാം വാർഷികാഘോഷത്തിന്റെ നിറവിലാണ്. ശാസ്ത്രീയ പഠന-ഗവേഷണ ങ്ങളിലൂടെ ഇന്ത്യയിൽ സമുദ്രമത്സ്യ മേഖല യുടെ സുസ്ഥിര വികസനത്തിന് ശക്തിപകരുന്നതാണ് സി.എം.എഫ്.ആർ.ഐ. ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ.

സമുദ്രമത്സ്യ സമ്പത്തിന് വേണ്ടിയുള്ള കൃത്യവും ശാസ്ത്രീയവുമായ പരിപാലന പദ്ധതികൾ ആവിഷ്കരിക്കൽ, വിവിധ സമുദ്രജലകൃഷി രീതികളിലൂടെ മത്സ്യോൽപാദനം വർധിപ്പിക്കൽ, ആവാസവ്യവസ്ഥ കേന്ദ്രീകൃതമായ സമുദ്രപരിപാലനം, തീരദേശ ഉപജീവനം മെച്ച പ്പെടുത്തൽ എന്നിവയാണ് 1947ൽ സ്ഥാപിതമായ സി.എം.എഫ്.ആർ.ഐ. യുടെ പ്രധാന ധർമ്മങ്ങൾ. സമുദ്രമത്സ്യ മേഖലയിൽ രാജ്യത്തിന് നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമായി, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) പരമോന്നത ബഹുമതിയായ 2019ലെ സർദാർ പട്ടേൽ ഔട്ട്സ്റ്റാന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് സി.എം.എഫ്.ആർ. ഐ.ക്കാണ് ലഭിച്ചത്.




## സി.എം.എഫ്.ആർ.ഐ.യുടെ സുപ്രധാന നേട്ടങ്ങളിൽ ചിലത്

- മോദ, വള്ളോടി വറ്റ എന്നീ സമുദ്രമത്സ്യങ്ങളുടെ ദേശീയ വിത്തുബാങ്ക്
- ദേശീയ സമുദ്രമത്സ്യനയം-മാരികൾച്ചർ പോളിസി എന്നിവ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക നിർദേശം
- ഡോ ഇ.ജി. സൈലാസ് സെന്റർ ഓഫ് എക്സലൻസ് ഇൻ ഫിഷ് ന്യൂട്രി ജെനോമിക്സ് ആന്റ് മറൈൻ മൈക്രോബയോം
- കടൽപായൽ കൃഷിയും കടൽപായലിൽ നിന്നും ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളുടെ വികസനവും
- ചെറുമീനുകളുടെ പിടിക്കുന്നത് തടയുന്ന മിനിമം ലീഗൽ സൈസ് നിർദ്ദേശം
- സുസ്ഥിര സമുദ്രമത്സ്യബന്ധനത്തിനുതകുന്ന നയരൂപീകരണങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്ക് സഹായകരമാകുന്ന നിർദ്ദേശങ്ങൾ
- 1200ലധികം സമുദ്രമത്സ്യയിനങ്ങളുടെ വിവരസമാഹരണവും മീൻപിടുത്തലഭ്യതയുടെ വാർഷിക കണക്കെടുപ്പും
- സമുദ്രമത്സ്യ സഞ്ചയത്തിന്റെ സുസ്ഥിരതാ നിർണയം
- സമുദ്രമത്സ്യവിത്തുൽപാദന സാങ്കേതികവിദ്യകളുടെ വികസനം
- കൂടുമത്സ്യകൃഷി ഉൾപ്പടെയുള്ള സമുദ്ര ജലകൃഷിരീതികളുടെ (മാരികൾച്ചർ) വികസനം
- മത്സ്യം-കല്ലുമ്മക്കായ-കടൽപായൽ സംയോജിതകൃഷിരീതി (ഇന്റ ഗ്രേറ്റഡ് മൾട്ടിട്രോപിക് അക്വാകൾച്ചർ)
- സമുദ്രമത്സ്യരോഗ നിർണയ കിറ്റ്
- അലങ്കാരമത്സ്യങ്ങൾക്കുള്ള തീറ്റ (വർണ, വർഷ)
- സാമൂഹിക സാമ്പത്തിക വിശകലനവും വിജ്ഞാന വ്യാപനവും








ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ

**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**

പോസ്റ്റ് ബോക്സ് നം.1603, എറണാകുളം നോർത്ത് പി.ഒ., കൊച്ചി, കേരളം

Phone: 0484-2394867 Fax: 0484-2394909

E-mail: director.cmfri@icar.gov.in Website: www.cmfri.org.in